പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2233 18.12.2012 -ലെ മറുപടി

ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | 2012-ൽ കിളിമാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും പുതുതായി എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് റൂട്ടുകൾ ഉൾപ്പെടെ വിശദമാക്കാമോ; | (എ) | 2012 -ൽ കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 4 സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കിളിമാനൂർ- പോങ്ങനാട്- കല്ലമ്പലം, കടയ്ക്കൽ-മഞ്ഞപ്പാറ പുറമെ 2 രാജധാനി സർവ്വീസുകളുമാണ് അവ. |
| (ബി) | 2012-ൽ ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും പുതുതായി എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് റൂട്ടുകൾ ഉൾപ്പെടെ വിശദമാക്കാമോ; | (ബി) | 2012 -ൽ ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 5 സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ആറ്റിങ്ങൽ - ശാന്തിഗിരി ആശ്രമം, ആറ്റിങ്ങൽ -ഓയൂർ, ആറ്റിങ്ങൽ - ആയൂർ എന്നിവയും 2 രാജധാനി സർവ്വീസുകളുമാണ് അവ. |
| (സി) | 2012-ൽ ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നുമുള്ള എത്ര സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ? | (സി) | 2012 -ൽ ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ സർവ്വീസുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണം സർവ്വീസുകൾ എല്ലാംതന്നെ കൃത്യമായി അയയ്ക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ